പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.* 421 27/06/2014-ൽ മറുപടിക്ക്

"അറവുശാലകളുടെ ശാസ്ത്രീയ ഉപയോഗം"

| ചോദ്യം<br><br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ്ജ് | | ഉത്തരം<br><br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി ) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അറവുശാലകളുടെ നിർമ്മാണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യമായ ചുമതലയായി കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിനനുബന്ധമായി ചേർത്തിട്ടുള്ള 3-ാം പട്ടികയിൽ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ പതിനൊന്നാമത്തെ ഇനമായി മൃഗങ്ങളുടെ കശാപ്പ്, മാംസം വിൽപ്പന തുടങ്ങിയവയുടെ നിയന്ത്രണം ഉൾപ്പെടുന്നു. ഈ ആവശ്യത്തിലേക്കായി 1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ ചട്ടങ്ങളിൽ അറവുശാലകളുടെ സ്ഥാപനം, അവിടെ മൃഗങ്ങളെ കശാപ്പു ചെയ്യേണ്ട രീതി, അറവ് മൃഗങ്ങളുടെ പരിശോധന, രോഗമില്ലെന്ന് ഉറപ്പു വരുത്തൽ, ജലലഭ്യത, മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിങ്ങനെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന് യോജിച്ച രീതിയിലുള്ള അറവുശാലകളുടെ മോഡൽഉണ്ടാക്കാനും ഗ്രാമപഞ്ചായത്തുകളെക്കൊണ്ട് ഇതിന് ആവശ്യമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാനുമുള്ള സാങ്കേതിക സഹായം , സാങ്കേതീകാനുമതി എന്നിവ ശുചിത്വമിഷൻ വഴി നൽകി വരുന്നു. |
| (ബി) | അറവുശാലകളുടെ അഭാവം നേരിടുന്ന പഞ്ചായത്തുകൾ ഉണ്ടോ: വിശദാംശങ്ങൾ നല്കാമോ ; | (ബി) | ഉണ്ട്.<br>സംസ്ഥാനത്ത് 978 ഗ്രാമപഞ്ചായത്തുകളിലായി ആകെ 34 അംഗീകൃത അറവുശാലകളാണ് |

| | | | |
|---|---|---|---|
| | | | നിലവിലുള്ളത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആധുനിക അറവുശാല സ്ഥാപിക്കുക എന്നത് സർക്കാർ നയമായി സ്വീകരിച്ച് അതിനായി ഈ സർക്കാറിന്റെ കാലത്ത് സംസ്ഥാനത്തെ 18 ഗ്രാമപഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായവും, ശുചിത്വമിഷൻ മുഖേന സാങ്കേതിക സഹായവും നൽകി വരുന്നു. കൂടാതെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ശാസ്ത്രീയമായ രീതിയിൽ അറവ് ശാലകൾ സ്ഥാപിക്കുന്ന പദ്ധതികൾ ശുചിത്വമിഷൻ മുഖേന ആവിഷ്ക്കരിക്കുന്നുണ്ട്.<br>പൊതുജനങ്ങളുടെ എതിർപ്പും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടുമാണ് അറവ് ശാല നിർമ്മാണത്തിന് തടസ്സമായിരിക്കുന്നത്. |
| (സി) | നടപ്പു സാമ്പത്തിക വർഷം അറവുശാലകളുടെ നിർമ്മാണത്തിനായി തുക നീക്കി വച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (സി) | ഉണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അറവുശാല നിർമ്മിക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ അറവ്ശാല നിർമ്മാണ ധനസഹായമായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | അറവുശാലകളുടെ ശാസ്ത്രീയമായ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും അവയുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | ഗ്രാമപഞ്ചായത്തുകളിൽ നവീന അറവ് ശാലകൾ സ്ഥാപിക്കുന്നതിന് നിലവിലുള്ളവ നവീകരിക്കുന്നതിനും ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ശുചിത്വമിഷനെ നോഡൽ ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുണ്ട്.<br>ഗ്രാമപഞ്ചായത്തുകൾക്ക് മാതൃകാ അറവ്ശാലയുടെ പദ്ധതി രൂപകൽപ്പന ചെയ്ത് നൽകുന്നതിനും ശാസ്ത്രീയമായ രീതിയിൽ അറവ്ശാലകൾ നിർമ്മിക്കുന്നതിനും സാങ്കേതിക സഹായം ശുചിത്വമിഷൻ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ